## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **06-12-2022 - ൽ മറുപടിയ്ക്ക്**

## എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ വ്യവസായ പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ സൈബർ പാർക്കിനായി ഏറ്റെടുത്ത സ്ഥലം വ്യവസായ വകുപ്പിന് കൈമാറി വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ എരമം, കാസർഗോഡ് ജില്ലയിലെ ചീമേനി എന്നിവിടങ്ങളിൽ ഐ.ടി.പാർക്കുകൾ ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി പാർക്കിന്റെ നിർമ്മാണ പ്രാരംഭ നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഐ.ടി. വ്യവസായത്തിന് പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവമാണുള്ളത്. ഒറ്റപ്പെട്ടതും വിമാനത്താവളത്തിന്റെ സാമീപ്യം ഇല്ലാത്തതുമായ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി വ്യവസായപാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നത് പരിശോധിക്കുവാൻ തീരുമാനമായി. ഇതിന്റെ ഭാഗമായി 07-10-2021 തീയതിയിൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ KINFRA മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനമായി. തുടർന്ന് കാസർഗോഡ് ജില്ലയിലെ ചീമേനി, കണ്ണൂർ ജില്ലയിലെ എരമം എന്നിവിടങ്ങളിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന് KINFRA മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ചെലവാക്കിയ തുക KINFRA യിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി പാർക്കിനായി ഏറ്റെടുത്ത സ്ഥലം SEZ പദവിയിൽ നിന്നും Non SEZ പദവിയിലേക്ക് മാറ്റി കൊണ്ട് വ്യവസായപാർക്ക് ആരംഭിക്കുന്നതിന് KINFRA യ്ക്ക് കൈമാറുന്ന |

| | | | |
|---|---|---|---|
| | | | വിഷയം നിലവിൽ വിവര സാങ്കേതിക വിദ്യാവകുപ്പ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട വ്യവസായ വകുപ്പിലെ ഐ.എൻ.ഡി.-ജി1/179/2021 എന്ന ഫയലിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ബി) | കണ്ണൂർ ജില്ലയിലെ എരമം, കാസർഗോഡ് ജില്ലയിലെ ചീമേനി എന്നിവിടങ്ങളിൽ ഐ.ടി.പാർക്കുകൾ ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) ചുമതലപ്പെടുത്തുകയും ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി പാർക്കിന്റെ നിർമ്മാണ പ്രാരംഭ നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഐ.ടി. വ്യവസായത്തിന് പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവമാണുള്ളത്. ഒറ്റപ്പെട്ടതും വിമാനത്താവളത്തിന്റെ സാമീപ്യം ഇല്ലാത്തതുമായ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി വ്യവസായപാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നത് പരിശോധിക്കുവാൻ തീരുമാനമായി. ഇതിന്റെ ഭാഗമായി 07-10-2021 തീയതിയിൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രസ്തുത ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ KINFRA മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനമായി. തുടർന്ന് കാസർഗോഡ് ജില്ലയിലെ ചീമേനി, കണ്ണൂർ ജില്ലയിലെ എരമം എന്നിവിടങ്ങളിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന് KINFRA മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ചെലവാക്കിയ തുക KINFRA യിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി പാർക്കിനായി ഏറ്റെടുത്ത സ്ഥലം SEZ പദവിയിൽ നിന്നും Non SEZ പദവിയിലേക്ക് മാറ്റി കൊണ്ട് വ്യവസായപാർക്ക് ആരംഭിക്കുന്നതിന് KINFRA യ്ക്ക് കൈമാറുന്ന വിഷയം നിലവിൽ വിവര സാങ്കേതിക വിദ്യാവകുപ്പ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ